സർക്കാർ സേവനങ്ങളുടെ നോഡൽ ഏജൻസിയായി മാറും

പുതിയ ലക്ഷ്യങ്ങളുമായി കുടുംബശ്രീ

കേരളത്തിലെ പൊതു, സ്വകാര്യ മേഖലകളിലെ പ്രമുഖസ്ഥാപനങ്ങളെ നയിക്കുന്ന ഫ്യൂച്ചറിസ്റ്റിക് ലീഡേഴ്സിനെ പരിചയപ്പെടുത്തുന്ന പംക്തിയാണിത്

കേരളത്തിന്റെ മുഖശ്രീയായ കുടുംബശ്രീയെ വളർച്ചയുടെ പുതിയ പടവുകളിലേക്ക് നയിക്കാനുള്ള തയ്യാറെടുപ്പിലാണ് സംരംഭത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി ചുമതലയേറ്റെടുത്ത എസ് ഹരികിഷോർ ഐഎഎസ്. ഒരു നാഷണൽ റിസോഴ്സ് ഓർഗനൈസേഷനായി പ്രവർത്തിക്കുന്ന കുടുംബശ്രീയെ സർക്കാർ സേവനങ്ങളുടെ ഏജൻസിയായി മാറ്റുക എന്ന ലക്ഷ്യം കൂടിയുണ്ടെന്ന് അദ്ദേഹം ഫ്യൂച്ചർ കേരളയോട് പറഞ്ഞു

FK ബ്യൂറോ

അടവിയിലെ കുട്ടവഞ്ചി സവാരിയെ കുറിച്ച് കേൾക്കാത്ത സഞ്ചാരികൾ ഒരുപക്ഷേ കുറവായിരിക്കും. തണുത്ത പുഴ വെള്ളത്തിൽ സ്പർശിച്ചുള്ള ദീർഘയാത്രകൾ ഇവിടെയെത്തുന്നവർക്ക് ഒരു അനുഭൂതി തന്നെയാണ്. സഞ്ചാരികളെ ഇത്രയധികം ആകർഷിക്കുന്ന പ്രദേശമായിരുന്നില്ല ഒരു കലത്ത് ഇത്. അടവി കുട്ടവഞ്ചി പദ്ധതിയാണ് പ്രദേശത്തിന്റെ വിനോദ സഞ്ചാര സാധ്യതകൾ ലോകത്തിന് മുന്നിൽ തുറന്നു നൽകിയത്. കഴിഞ്ഞ ഒരു വർഷംകൊണ്ടണ്ട് ഒരു കോടി രൂപയുടെ വരുമാനമാണ് അടവി സ്വന്തമാക്കിയത്. പൂജ്യത്തിൽ നിന്നും ഒരു വർഷം കൊണ്ട് ഒരു കോടി രൂപയുടെ വരുമാനം എന്ന നേട്ടത്തിലേക്കാണ് ഈ പ്രദേശം കുതിച്ചത്. ഇന്ന് ഇവിടെ 35 കുട്ടവഞ്ചികൾ ഉണ്ട്. അതോടൊപ്പം യഥേഷ്ടം യാത്ര ചെയ്യാനുള്ള സൗകര്യങ്ങളും ലഭ്യമാണ്. ഇതിന്റെ ഫലമെല്ലാം ലഭിക്കുന്നതാവട്ടെ ഇവിടുത്തെ പ്രാദേശിക ജനവിഭാഗങ്ങൾക്കും. നാട്ടുകാരായ വനസംരക്ഷണ സമിതി പ്രവർത്തകർക്ക് ഇത് പ്രധാനവരുമാന മാർഗ്ഗമായി. ടൂറിസത്തിൽ നിന്ന് സാമ്പത്തിക വരുമാനം ഉറപ്പു വരുത്തുന്ന മികച്ച മാതൃകയായി അടവി കുട്ടവഞ്ചി പദ്ധതിയെ കേരളം അംഗീകരിച്ചതിന് പിന്നിൽ ജനകീയനായ ഒരു കളക്ടറുടെ അധ്വാനമുണ്ടായിരുന്നു. ജില്ലയിലെ പ്രവാസികൾക്കായി കോൾ സെന്റർ തുറന്ന് പ്രവാസി മിത്രമായി, ആദിവാസി ഊരുകളിലെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കാൻ ഊരിൽ ഒരു ദിനം എന്ന പദ്ധതി , വിനോദ സഞ്ചാരത്തിന്റെ സാഹസിക മുഖമായി കോന്നി സാഹസിക സഞ്ചാരം, തുടങ്ങി 28 മാസങ്ങൾ കൊണ്ട് പത്തനംതിട്ട ജില്ലയുടെ മുഖം മാറ്റുന്ന പദ്ധതികൾക്കാണ് എസ് ഹരികിഷോർ എന്ന ഐഎഎസ് ഓഫീസർ രൂപം നൽകിയത്. ഇന്ന് കേരളത്തിലെ ഏറ്റവും വലിയ സാമൂഹ്യ സംരംഭമായ കുടുംബശ്രീയുടെ അമരത്ത് ഈ കണ്ണൂരുകാരനെ കാണുമ്പോൾ പ്രതീക്ഷകൾ ഏറെയാണ്.

എസ് ഹരികിഷോർ

Future 500 CEOs of Kerala

> ഹരിതകേരളം പദ്ധതിയുടെ ഭാഗമായി കാർഷിക രംഗത്ത് വലിയൊരു മുന്നേറ്റമാണ് കുടുംബശ്രീ നടത്താൻ പോവുന്നത്. കേരളത്തിൽ ആകെയുള്ള കുടുംബശ്രീയുടെ 20000 വാർഡുകളിലെ സ്ത്രീകളോടും 50 സെന്റ് വീതം കൃഷി ചെയ്യാൻ നിർദ്ദേശിച്ചു. കേരളത്തിൽ 10000 ഏക്കർ സ്ഥലത്ത് ഹരിതകേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ ഇന്ന് കൃഷി ചെയ്യുകയാണ്. സേഫ് ടു ഈറ്റ് ഫുഡ് ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യവും ഇതോടൊപ്പമുണ്ട്
>
> **എസ് ഹരികിഷോർ**
> എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

പേര്: എസ് ഹരികിഷോർ

പദവി: എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

ജീവനക്കാർ: 600 ഓളം

കുടുംബശ്രീ ഒരു നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ കൂടിയാണ്. ദീർഘകാലത്തെ പ്രവർത്തന പരിചയം കൊണ്ട് മറ്റ് സംസ്ഥാനങ്ങൾക്കും മാർഗദർശിയാകാൻ സംരംഭത്തിന് അവസരം ലഭിച്ചിട്ടുണ്ട്. ബിഹാർ, ജാർഖണ്ഡ്, ഒറീസ, മഹാരാഷ്ട്ര, കർണാടക, അസം, ഗോവ, ത്രിപുര തുടങ്ങിയ 10 സംസ്ഥാനങ്ങളിൽ സംഘടനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിപ്പിച്ചുകൊണ്ട് അവിടങ്ങളിലേക്കെല്ലാം കുടുംബശ്രീ പ്രവർത്തനങ്ങൾ എത്തിക്കാനുള്ള അവസരമാണിത്.

ടാണ് പത്തനംതിട്ട കളക്ടറാവുന്നത്. ജില്ലയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം അതായത് 28 മാസങ്ങൾ, ഈ കാലയളവിൽ ഹരികിഷോർ നേടിയെടുത്തത് ജനകീയനായ കളക്ടർ എന്ന അംഗീകാരമായിരുന്നു. കളക്ട്രേറ്റിന്റെ ഭിത്തികളിൽ ചുമർ ചിത്രങ്ങൾ ആലേഖനം ചെയ്തത് മുതൽ ആദിവാസി ഊരുകളിലെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കാൻ ഊരിൽ ഒരു ദിവസം എന്ന പദ്ധതി നെയ്തെടുത്തത് വരെ അദ്ദേഹം ആവിഷ്കരിച്ചതെല്ലാം പുതുമയാർന്നതും മികവുറ്റതുമായ പദ്ധതികളായിരുന്നു.

ഇപ്പോൾ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറായി പ്രവർത്തിക്കുമ്പോഴും വേറിട്ട രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് സംഘടനയെ ശക്തിപ്പെടുത്താനാണ് അദ്ദേഹം ശ്രമിക്കുന്നത്.

കുടുംബശ്രീയുടെ അമരത്ത്

മൂന്ന് മാസമായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറാണ് എസ് ഹരികിഷോർ. പുതിയ സർക്കാരിന്റെ ഭാഗത്ത് നിന്നും ശക്തമായ പിന്തുണയാണ് കുടുംബശ്രീക്ക് ലഭിക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. "ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമുള്ള ആദ്യത്തെ തീരുമാനം അയൽക്കൂട്ടം ഗ്രൂപ്പുകൾക്ക് എല്ലാ വായ്പകളും നാല് ശതമാനം പലിശയിനത്തിൽ ലഭ്യമാക്കുക എന്നതായിരുന്നു. അതിന് വേണ്ടി 50 കോടി രൂപ സർക്കാർ മാറ്റി വയ്ക്കുകയും ചെയ്തു. ഇതിനുപുറമേ അഗതികളായവരെ കണ്ടെത്തി അവരുടെ സമ്പൂർണ പരിചരണം ഉറപ്പാക്കാനുള്ള ആശ്രയ എന്ന പദ്ധതിക്കായും 50 കോടി രൂപ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പഞ്ചായത്തുകളുമായി സംയോജിച്ചു കൊണ്ടാണ് ഈ പദ്ധതിയുടെ നടത്തിപ്പ്. ബാക്കിയെല്ലാം ചലഞ്ച് ഫണ്ടായി കുടുംബശ്രീ നൽകുമ്പോൾ പഞ്ചായത്താണ് സ്ഥലവും വീടും നൽകുന്നത്. 200 കോടി രൂപയാണ് ഈ വർഷം കുടുംബശ്രീയ്ക്ക് സർക്കാർ വകയിരുത്തിയിട്ടുള്ളത്. ബജറ്റിൽ ഇത്രയും വലിയൊരു നീക്കിയിരിപ്പ് കുടുംബശ്രീക്ക് നൽകിയത് തന്നെ സർക്കാരിന് ഇതിനോടുള്ള താൽപര്യം വ്യക്തമാക്കുന്നുവെന്ന് അദ്ദേഹം പറയുന്നു.

ടീം ബിൽഡിംഗ് ആണ് തന്റെ ആദ്യത്തെ ലക്ഷ്യം എന്ന് അദ്ദേഹം വ്യക്തമാക്കുന്നു. 14 ജില്ലകളിലും കുടുംബശ്രീയുടെ ജില്ലാ ഓഫീസർ,അസിസ്റ്റന്റ് ജില്ലാ ഓഫീസർ, കൺസൽട്ടന്റ് തുടങ്ങിയ ധാരാളം തസ്തികകളിൽ ഒഴിവുണ്ട്. 52 അസിസ്റ്റന്റ് ജില്ലാ ഓഫീസർമാരുള്ളതിൽ ഇപ്പോൾ 10 പേർ മാത്രമേയുള്ളു. ബാക്കി 42 പേരെയും 93 കൺസൽട്ടന്റുമാരെയുമൊക്കെ നിയമിക്കണം. സംവിധാനത്തെ ശക്തമാക്കുക എന്നതാണ് പ്രഥമമായ ലക്ഷ്യം എന്ന് ഹരികിഷോർ വ്യക്തമാക്കുന്നു.

കുടുംബശ്രീയെ കുറിച്ച്

"കുടുംബശ്രീയുടെ സംഘടനാ സംവിധാനം വളരെ ശക്തമാണ്. ത്രിതല സംഘടനാ സംവിധാനത്തിൽ പ്രവർത്തിക്കുന്ന കുടുംബശ്രീയുടെ ഭാഗമാണ് എൻഎച്ച്ജി എന്ന അയൽക്കൂട്ടങ്ങൾ. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഓരോ വാർഡിലും എഡിഎസ് എന്ന സംവിധാനവും പഞ്ചായത്ത് തലത്തിൽ സിഡിഎസ് എന്ന സംവിധാനം നിലവിലുണ്ടണ്ട്. കേരളത്തിൽ രണ്ടര ലക്ഷം അയൽക്കൂട്ടങ്ങളിലായി 41 ലക്ഷം സ്ത്രീകളാണുള്ളത്. മൈക്രോഫിനാൻസ് ആണ് കുടുംബശ്രീയുടെ മറ്റൊരു പ്രധാന പ്രത്യേകത. ഇത് പ്രകാരമാണ് ആഴ്ചകൾതോറും യോഗം ചേരുമ്പോൾ നിശ്ചിത തുക അംഗങ്ങൾ പാസ്ബുക്കിൽ നിക്ഷേപിക്കുന്നത്. ആറു മാസം കൃത്യമായി യോഗം ചേർന്ന് തുക നിക്ഷേപിച്ചു കഴിഞ്ഞാൽ നിക്ഷേപിക്കുന്നതിന്റെ നാലിരട്ടി അവർക്ക് നാല് ശതമാനം പലിശയ്ക്ക് വായ്പയായി കിട്ടും. കുടുംബശ്രീയുടെ അംഗങ്ങളായുള്ള 41 ലക്ഷം വരുന്ന സ്ത്രീകൾ ചെയ്യുന്നതും ഇത് തന്നെയാണ്. ഇത്തരത്തിൽ നൽകിവരുന്ന വായ്പകളിൽ 98 ശതമാനത്തിന്റെയും തിരിച്ചടവ് കൃത്യമാണ്. സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തിന് ഇത്വലിയ രീതിയിൽ സഹായിക്കുന്നുണ്ടെന്ന് ഹരികിഷോർ വ്യക്തമാക്കി.

ചെറുകിട സംരംഭങ്ങളാണ് കുടുംബശ്രീയെ വേറിട്ട് നിർത്തുന്ന മറ്റൊരു പ്രധാന ഘടകം. 50000 രൂപ മുതൽ മൂന്ന് ലക്ഷം രൂപ വരെ വായ്പ എടുത്ത് തുടങ്ങുന്ന സംരംഭങ്ങളെയാണ് ചെറുകിട സംരംഭങ്ങൾ എന്ന് പറയുന്നത്. കേരളത്തിൽ ഇത്തരത്തിലുള്ള 31000 സംരംഭങ്ങളുണ്ടെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. "കുടുംബശ്രീയുടെ ജനകീയമുഖം എന്ന് വിശേഷിപ്പിക്കാൻ സാധിക്കുന്നത് ഈ സംരംഭങ്ങളെയാണ്. ഇവയിൽ 10000വും പ്രവർത്തിക്കുന്നത് ഭക്ഷ്യ മേഖലയിലാണ്. ഇത്തരത്തിലുള്ള സംരംഭങ്ങളെ സ്വയം പര്യാപ്തമാക്കുക എന്ന വലിയൊരു ലക്ഷ്യമാണ് ഇപ്പോൾ കുടുംബശ്രീക്കുള്ളത്. സേവന മേഖല കേന്ദ്രീകരിച്ചും ചെറുകിട സംരംഭങ്ങൾ ഇപ്പോൾ ഉയർന്നുവരുന്നുണ്ട്. വളരെയധികം സാധ്യതകളാണ് ഈ രംഗത്തുള്ളത്. ശുചിത്വം, ഹോം കെയർ, പാലിയേറ്റീവ് കെയർ തുടങ്ങിയ മേഖലകളിലും ഇത്തരം സംരംഭങ്ങൾ ചുവടുറപ്പിച്ചു കഴിഞ്ഞു," മൈക്രോ സംരംഭങ്ങളുടെ വളർച്ചയെ കുറിച്ച് അദ്ദേഹം ഫ്യൂച്ചർ കേരളയോട് പറഞ്ഞു.

ലക്ഷ്യങ്ങൾ

സർക്കാർ സേവനങ്ങളുടെ ഒരു ഏജൻസിയായി മാറുക എന്ന വിഷൻ കൂടി ഇപ്പോൾ തങ്ങൾക്കുണ്ടെന്ന് ഹരികിഷോർ പറയുന്നു. കൊച്ചി മെട്രോയുമായി അടുത്തിടെ ഒപ്പുവച്ച എംഒയു ഈ ലക്ഷ്യത്തിന്റെ ഭാഗമായുള്ളതാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഇത് പ്രകാരം 2000ത്തോളം സ്ത്രീകൾക്ക് കൊച്ചി മെട്രോയിൽ ജോലി ലഭിക്കും. ലോകത്തിലാദ്യമായാണ് ഒരു മെട്രോ പൂർണമായും സ്ത്രീകൾ ഏറ്റെടുക്കുന്നത്. അതിൽ തങ്ങൾക്ക് അഭിമാനമുണ്ടെന്ന് അദ്ദേഹം പറയുന്നു. പിഡബ്യുഡി റസ്റ്റ്ഹൗസുകളിലും കുടുംബശ്രീ മുഖാന്തിരം സ്ത്രീകൾക്ക് ഹൗസ് കീപ്പിംഗ്, പാചകം തുടങ്ങിയ ജോലികൾ ലഭിക്കുന്നുണ്ട്.

കാർഷികമേഖലയിലുംഇതിനോടകം തന്നെ സജീവ സാന്നിധ്യമാണ് കുടുംബശ്രീ. ഇത് ശക്തിപ്പെടുത്താനുള്ള ഒരുക്കത്തിലാണ് ഹരികിഷോർ. നിലവിൽ 65000 കൂട്ടുകൃഷി സംഘങ്ങൾ കേരളത്തിലുണ്ട്. കുടുംബശ്രീയംഗങ്ങൾ കൂട്ടായിചേർന്ന് തരിശായികിടക്കുന്ന സ്ഥലത്തും പാത്തിനെടുത്ത സ്ഥലത്തുമായി ഏകദേശം ഒരുലക്ഷം ഏക്കറാണ് ഇന്ന് കേരളത്തിൽ കൃഷി ചെയ്യുന്നത്. ഇത് വർധിപ്പിക്കാനുള്ള നീക്കങ്ങളും നടക്കുന്നുണ്ടണ്ട്. ഹരിത കേരളം പദ്ധതിയുടെ ഭാഗമായി കാർഷിക രംഗത്ത് വലിയൊരു മുന്നേറ്റമാണ് കുടുംബശ്രീ നടത്താൻ പോവുന്നത്. കേരളത്തിൽ ആകെയുള്ള കുടുംബശ്രീയുടെ 20000 വാർഡുകളിലെ സ്ത്രീകളോടും 50 സെന്റ് വീതം കൃഷി ചെയ്യാൻ നിർദ്ദേശിച്ചു. കേരളത്തിൽ 10000 ഏക്കർ സ്ഥലത്ത് ഹരിതകേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ ഇന്ന് കൃഷി ചെയ്യുകയാണ്. സേഫ് ടു ഈറ്റ് ഫുഡ് ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യവും ഇതോടൊപ്പമുണ്ടണ്ടെന്ന് ഹരികിഷോർ സൂചിപ്പിച്ചു.

സാമൂഹ്യ വികസനമാണ് കുടുംബശ്രീ കൈ വച്ച മറ്റൊരു മേഖല. ആശ്രയ എന്ന പദ്ധതിയിലൂടെ ഒന്നരലക്ഷം അഗതികളെയാണ് കുടുംബശ്രീകണ്ടെത്തിയത്. അഗതിരഹിത കേരളം എന്ന ആശയം മുൻനിർത്തി പ്രവർത്തിച്ച് അടുത്ത വർഷത്തോടെ ഇത്തരത്തിലുള്ളവരെ പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യവും തങ്ങൾക്കുണ്ടെന്ന് ഹരികിഷോർ പറയുന്നു. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി 150 സ്കൂളുകൾ കുടുംബശ്രീയും പഞ്ചായത്തും ചേർന്ന് സ്ഥാപിക്കുന്നുണ്ട്. അതിലും കേരളത്തിൽ രണ്ട് ലക്ഷം അയൽക്കൂട്ടങ്ങളിലായി 41 ലക്ഷം സ്ത്രീകളാണുള്ളത്. മൈക്രോഫിനാൻസ് ആണ് കുടുംബശ്രീയുടെ മറ്റൊരു പ്രധാന പ്രത്യേകത. ഇത് പ്രകാരമാണ് ആഴ്ചകൾതോറും യോഗം ചേരുമ്പോൾ നിശ്ചിത തുക അംഗങ്ങൾ പാസ്ബുക്കിൽ നിക്ഷേപിക്കുന്നത്. ആറു മാസം കൃത്യമായി യോഗം ചേർന്ന് തുക നിക്ഷേപിച്ചു കഴിഞ്ഞാൽ നിക്ഷേപിക്കുന്നതിന്റെ നാലിരട്ടി അവർക്ക് നാല് ശതമാനം പലിശയ്ക്ക് വായ്പയായി കിട്ടും. കുടുംബശ്രീയുടെ അംഗങ്ങളായുള്ള 41 ലക്ഷം വരുന്ന സ്ത്രീകൾ ചെയ്യുന്നതും ഇത് തന്നെയാണ്. ഇത്തരത്തിൽ നൽകിവരുന്ന വായ്പകളിൽ 98 ശതമാനത്തിന്റെയും തിരിച്ചടവ് കൃത്യമാണ്. ഇത്തരത്തിൽ നൽകിവരുന്ന വായ്പകളിൽ 98 ശതമാനത്തിന്റെയും തിരിച്ചടവ് കൃത്യമാണ്. സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തിന് ഇത്വലിയ രീതിയിൽ സഹായിക്കുന്നുണ്ടെന്ന് ഹരികിഷോർ വ്യക്തമാക്കി.

വലിയൊരു മുന്നേറ്റം നടത്തണമെന്ന് പ്രതീക്ഷിക്കുന്നു, ഹരികിഷോർ കൂട്ടിച്ചേർക്കുന്നു.

സ്ത്രീ ശാക്തീകരണം

കുടുംബശ്രീ എന്നാൽ സ്ത്രീ ശക്തി എന്നാണ് പൊതുവേ വിശേഷിപ്പിക്കപ്പെടുന്നത്. ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ച് സ്ത്രീകളെ ശാക്തീകരിക്കുക എന്നതാണ് തങ്ങൾ ലക്ഷ്യമിടുന്നത് എന്ന് അദ്ദേഹം വ്യക്തമാക്കുന്നു. "കഴിഞ്ഞ 18 വർഷത്തെ കുടുംബശ്രീയുടെ ചരിത്രം പരിശോധിച്ചാൽ സ്ത്രീകൾക്കിടയിൽ സംഘടനയ്ക്കുള്ള സ്വാധീനം എത്രത്തോളമാണെന്ന് മനസ്സിലാവും. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 15000 കുടുംബശ്രീ അംഗങ്ങളാണ് മത്സരിച്ചത്. അതിൽ 7000 പേർ പഞ്ചായത്ത് മെമ്പർമാരാണ്. കേരളത്തിലെ പഞ്ചായത്ത് പ്രസിഡന്റ് മാരിൽ മൂന്നിൽ ഒന്ന് കുടുംബശ്രീ പ്രവർത്തകരാണ്," അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

കുടുംബശ്രീ ഒരു നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ കൂടിയാണ്. ഇത്രയും വർഷത്തെ പ്രവർത്തന പരിചയം കൊണ്ട് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക്കൂടി പ്രവർത്തനങ്ങൾ പഠിപ്പിച്ചു നൽകാൻ സംഘടനയ്ക്ക് അവസരം ലഭിച്ചിട്ടുണ്ട്. ബിഹാർ, ജാർഖണ്ഡ്, ഒറീസ, മഹാരാഷ്ട്ര, കർണാടക, അസം, ഗോവ, ത്രിപുര തുടങ്ങിയ 10 സംസ്ഥാനങ്ങളിൽ സംഘടനയുടെ പ്രവർത്തനങ്ങളെക്കുറിച്ച്പഠിപ്പിച്ചുകൊണ്ടണ്ട് അവിടങ്ങളിലേക്കെല്ലാം കുടുംബശ്രീ പ്രവർത്തനങ്ങൾ എത്തിക്കാനുള്ള അവസരമാണിത്. കേരളത്തിലെ സ്ത്രീകൾ ഈ സംസ്ഥാനങ്ങളിൽ ചെന്ന് താമസിച്ച് അവരുടെ ഭാഷ പഠിച്ച് അവർക്കിടയിൽ പ്രവർത്തിക്കുന്നു. ഇതും കുടുംബശ്രീയുമായി ബന്ധപ്പെട്ട വലിയ പദ്ധതിയെന്ന് അദ്ദേഹം പറയുന്നു.

നേട്ടങ്ങളെല്ലാം സ്വന്തമാണെന്ന് വാദിക്കുന്നതിനേക്കാൾ അതൊരു ടീം വർക്കിന്റെ ഫലമാണെന്ന് ചൂണ്ടിക്കാട്ടാനാണ് ഹരികിഷോർ താൽപര്യപ്പെടുന്നത്. കുടുംബശ്രീയും ടൂറിസം ഡിപ്പാർട്ട്മെന്റുമായി കൈകോർത്തു കൊണ്ടും പദ്ധതികൾ ആവിഷ്കരിക്കുകയാണ്. ടൂറിസം ഡയറക്ടറുമായി ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തിക്കഴിഞ്ഞു. ആറ് സ്ഥലങ്ങളിൽ കുടുംബശ്രീയുമായി കൈകോർക്കാമെന്ന് അവർ സമ്മതിച്ചിട്ടുമുണ്ട്. 79 ഡെസ്റ്റിനേഷനുകളിൽ കഫേ ഷോപ്പുകൾ, സുവനീർ ഷോപ്പുകൾ, പാർക്കിംഗ് മാനേജ്മെന്റ് തുടങ്ങിയവയിലെല്ലാം ടൂറിസം ഡിപ്പാർട്ട്മെന്റും കുടുംബശ്രീയും കൈകോർക്കും.

സക്സസ് ടിപ്സ്

സ്ഥാനമാനങ്ങളോടുള്ള അമിതമായ ആഗ്രഹം പാടില്ല. നല്ല രീതിയിൽ പ്രവർത്തിച്ചാൽ അത് നമ്മെ തേടിയെത്തും. ഏൽപ്പിച്ച ജോലി കൃത്യമായി ചെയ്യുക എന്നതാണ് പ്രധാനം.

സംരംഭകത്വ സംസ്കാരം മുന്നോട്ട് കൊണ്ടു വരാനുള്ള നിർദ്ദേശങ്ങൾ

കേരളത്തിൽ അങ്ങനെയൊരു സംസ്കാരമില്ല. അത് നമുക്ക് മുന്നോട്ട് കൊണ്ടുവരണം. ധാരാളം അവസരങ്ങൾ ഇവിടെയുണ്ട്. പെട്ടന്ന് വിജയം നേടണമെന്നുള്ള മലയാളികളുടെ ചിന്താഗതി മാറണം. കഷ്ടപ്പെടാനുള്ള മനസ്സ് ഉണ്ടാവണം.

Volume 1 No 305, RNI KERMAL/2016/66137, Printed, published and owned by P V Jayasree and printed at Viani Printings, Lisie Road, Ernakulam, Kochi- 18 and published at Krishnavihar, Kakkanadu, Ernakulam, Kochi – 682 030.
Chief of Operations: M Kumar, Editorial Head : Dipin Damodharan, Administrative office: Future Kerala- ABP Media, Near YMCA, Chittoor Road, Cochin – 682 035, Phone: 0484 4046405, Mail: info@futurekerala.in, web: www.futurekerala.in